# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/227/2016 പത്രക്കുറിപ്പ് 2016 ഒക്ടോബർ 24

**പി.ജി ഏകജാലക സപ്ലിമെന്ററി അലോട്മെന്റ്: ഓപ്ഷനുകൾ പുനഃക്രമീകരിക്കാം**

ഒക്ടോബർ 28ന് നടക്കുന്ന പി.ജി പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനക്രമീകരിക്കുവാൻ ഇന്ന് (ഒക്ടോബർ 25) മുതൽ 26ന് വൈകിട്ട് 5 മണി വരെ സൗകര്യം ലഭിക്കും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താം. എന്നാൽ പുതുതായി കോളജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധ്യമല്ല. ഒന്നാം സപ്ലിമെന്ററി അലോട്മെന്റിൽ താൽക്കാലിക പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പുതിയ അലോടമെന്റ് സ്വീകരിക്കേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. എന്നാൽ സ്ഥിരപ്രവേശം എടുത്ത വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതില്ല.

## ബി.എ/ബി.എസ്.സി/ബി.കോം (ആനുവൽ സ്കീം) അപേക്ഷാ തീയതി

ബി.എ/ബി.എസ്.സി/ബി.കോം (മോഡൽ ഒന്ന് – ആനുവൽ സ്കീം) പാർട്ട് ഒന്ന് ഇംഗ്ലീഷ് ആന്റ് പാർട്ട് രണ്ട് അഡീഷണൽ/മോഡേൺ ലാംഗ്വേജ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്), ബി.എ (മോഡൽ ഒന്ന് – ആനുവൽ സ്കീം) പാർട്ട് മൂന്ന് സബ്സിഡിയറി സപ്ലിമെന്ററി/മേഴ്സി ചാൻസ്, ബി.എസ്.സി (മോഡൽ ഒന്ന്– ആനുവൽ സ്കീം) പാർട്ട് മൂന്ന് സബ്സിഡിയറി മേഴ്സി ചാൻസ്, ബി.എ./ബി.എസ്.സി/ബി.കോം യു.ജി.സി സ്പോൺസേർഡ് ആനുവൽ സ്കീം (മെയിൻ പരീക്ഷ ഒഴികെ) മേഴ്സി ചാൻസ് , ബി.എ (തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സ്) മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും അപേക്ഷിക്കാം. പരീക്ഷാ തീയതി പിന്നീട്. പാർട്ട് ഒന്ന് ഇംഗ്ലീഷ്, പാർട്ട് രണ്ട് അഡീഷണൽ ലാംഗ്വേജ്/മോഡേൺ ലാംഗ്വേജ് ഒരു റഗുലർ, ഒരു സപ്ലിമെന്ററി ഉൾപ്പെടെ രണ്ട് ചാൻസ് ലഭിച്ചവർക്ക് മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം. ആദ്യ തവണ അപേക്ഷിക്കുന്നവർ 5000 രൂപയും രണ്ടാം തവണ അപേക്ഷിക്കുന്നവർ 7000 രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ബി.എ/ബി.എസ്.സി/ബി.കോം, യു.ജി.സി സ്പോൺസേർഡ് ആനുവൽ സ്കീം (ബി.എസ്.സി/ബി.കോം) അവസാന സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് 10000 രൂപ സ്പെഷ്യൽ ഫീസ് നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. പാർട്ട് ഒന്നും, രണ്ടും, മൂന്നും, സബ്സിഡിയറി ആന്റ് പാർട്ട് മൂന്ന് മെയിൻ വിഷയങ്ങൾക്ക് സ്പെഷ്യൽ ഫീസ് ഒരു തവണ അടച്ചാൽ മതിയാകും. അറ്റ് അപേക്ഷകളോടൊപ്പം പ്രസ്തുത രസീതിന്റെ കോപ്പി സമർപ്പിക്കണം. സി.ബി.സി.എസ്.എസ് സ്കീമിന് തൊട്ടുമുൻപുള്ള സിലബസിലും സ്കീമിലും ആണ് പരീക്ഷ എഴുതേണ്ടത്. ഇന്റേണൽ പരീക്ഷ റീഡു ചെയ്യുന്നവർ 100 രൂപ ഫീസ് അടയ്ക്കണം. റീഡു ചെയ്യുന്നവിഷയങ്ങൾ കൃത്യമായി അപേക്ഷയിൽ രേഖപ്പെടുത്തണം. നിശ്ചിത തീയതിയ്ക്കേ ശേഷം ലഭിക്കുന്ന അപേക്ഷകളും, ഫീസും സ്വീകരിക്കുന്നതല്ല. അപേക്ഷകൾ ഡപ്യൂട്ടി രജിസ്ട്രാർ മൂന്ന് (പരീക്ഷ), മഹാത്മാ ഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം പിൻ 686560 എന്ന വിലാസത്തിൽ ലഭിക്കണം.

**പരീക്ഷാ തീയതി**

രണ്ടാം വർഷ ബി.എസ്.സി എം.ആർ.റ്റി (2014 അഡ്മിഷൻ റഗുലർ, 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 9ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും സ്വീകരിക്കും.

## പഞ്ചവൽസര എം.എസ്

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസിൽ (ഐ.ഐ.ആർ.ബി.എസ്) ഫെലോഷിപ്പോടുകൂടി പഞ്ചവൽസര ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടുവിന് (സയൻസ്) 55 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിച്ചിട്ടുള്ള സയൻസിലും തുടർ ഗവേഷണത്തിലും പ്രത്യേക താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. അപേക്ഷകൾ നവംബർ 11 വരെ. വെബ് സൈറ്റ്: www.iirbsmgu.com

## പ്രാക്ടിക്കൽ/വൈവാ വോസി പരീക്ഷ

രണ്ടാം വർഷ ബി.എസ്.സി നഴ്സിങ് (പുതിയ സ്കീം –2014 അഡ്മിഷൻ റഗുലർ, 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2007 അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി കോഴ്സിന്റെ സർജിക്കൽ നഴ്സിങ് ആന്റ് മെഡിക്കൽ നഴ്സിങ് പരീക്ഷയുടെ പ്രാക്ടിക്കലും വൈവാ വോസിയും ഒക്ടോബർ 25 മുതൽ നവംബർ 11 വരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യുക്കേഷന്റെ ഗാന്ധിനഗർ, പുതുപ്പള്ളി, പത്തനംതിട്ട, പാലാ, മണിമലക്കുന്ന്, നെടുങ്കണ്ടം എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി പ്ലാന്റ് ബയോടെക്നോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 3ന് തിരുവല്ല മാക്ഫാസ്റ്റ് കോളജിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ അസ്സൽ ഹാൾ ടിക്കറ്റുകളുമായി ഹാജരാകണം.

രണ്ടാം സെമസ്റ്റർ എം.എസ്.സി ഒ.ആർ ആന്റ് സി.എ (സി.എസ്.എസ് – റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നെടുങ്കണ്ടം എം.ഇ.എസ് കോളജിൽ വച്ച് നവംബർ 3ന് നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 സെപ്തംബർ മാസം നടത്തിയ എം.എ മലയാളം ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ്, പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ നോൺ സി.എസ്.എസ് സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 5 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം (റഗുലർ, സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 5 വരെ സ്വീകരിക്കും

## ബി.എസ്.സി./ബി.കോം ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

മൂന്നാം സെമസ്റ്റർ ബി.എസ്.സി, ബി.കോം ഒക്ടോബർ 2015 പരീക്ഷയുടെ ഉത്തരക്കടലാസുകൾ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിരിച്ചറിയിൽ രേഖകളുമായി സിൽവർ ജൂബിലി പരീക്ഷാ ഭവനിലെ റീവാല്യുവേഷൻ വിഭാഗത്തിൽ ഒക്ടോബർ 28ന് മുൻപ് എത്തണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**